പാട്ടത്തുക പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവ്

26 [640] ശ്രീ. എ. സി. ഷണ്മുഖദാസ്:
" കെ. പി. മോഹനൻ:
" സി. കെ. നാണു:

ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്തകാലത്ത് പാട്ടത്തുക പുതുക്കി നിശ്ചയിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം തരത്തിലുള്ള ഭൂമിക്ക് ഏതെല്ലാം വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ഏതെല്ലാം നിരക്കിലാണ് പാട്ടത്തുക നിശ്ചയിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പാട്ടത്തുക പുതുക്കി നിശ്ചയിച്ചത് സംബന്ധിച്ച് ഉയർന്നുവന്നിട്ടുള്ള ആക്ഷേപങ്ങൾ സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ആക്ഷേപങ്ങൾ എന്തൊക്കെയാണെന്നും ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) ഭൂമിയുടെ മാർക്കറ്റ് വിലയുടെ അടിസ്ഥാനത്തിലാണ് പാട്ടനിരക്ക് നിശ്ചയിച്ചിട്ടുള്ളത്.കോർപ്പറേഷൻ/മുനിസിപ്പൽ മേഖലയിൽ വാണിജ്യ ആവശ്യങ്ങൾക്ക് വ്യക്തികൾക്കും, സ്ഥാപനങ്ങൾക്കും.ഭൂമി പാട്ടത്തിനു നൽകുന്ന കേസുകളിൽ മാർക്കറ്റ് വിലയുടെ 10% നിരക്കിലും, വ്യക്തികൾക്കും സാമൂഹിക ധർമ്മ സ്ഥാപനങ്ങൾക്കും 99 വർഷത്തേയ്ക്ക് തുച്ഛമായ നിരക്കിൽ പാട്ടത്തിനു നൽകിയിരുന്ന കേസുകളിൽ 5% നിരക്കിലും കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്കും സ്ഥാപനങ്ങൾക്കും മാർക്കറ്റ് വിലയുടെ 5% നിരക്കിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ആശുപത്രികൾക്കും അവയുടെ പ്രവർത്തനത്തിന് ഒഴിച്ചുകൂടാൻ കഴിയാത്ത ഭൂമിയ്ക്ക് 2% നിരക്കിലും അതു കഴിഞ്ഞ് വാണിജ്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഭൂമിക്ക് 10% നിരക്കിലും കേന്ദ്ര സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ പൊതുമേഖലാ സ്ഥാപനങ്ങൾ ഇവയ്ക്ക് വാണിജ്യ ആവശ്യങ്ങൾക്ക് 5% നിരക്കിലും, വാണിജ്യേതര ആവശ്യങ്ങൾക്ക് 2% നിരക്കിലും, സാംസ്കാരിക പ്രവർത്തനങ്ങളുടെ ഉന്നമനത്തിനായും വിനോദ സഞ്ചാരവുമായും ബന്ധപ്പെട്ട സ്ഥാപനങ്ങൾക്കും ക്ലബ്ബുകൾക്കും 2.5% നിരക്കിലും ആണ് പാട്ടത്തുക പുതുക്കി നിശ്ചയിച്ചിട്ടുള്ളത്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly